**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **22-01-2021 - ൽ മറുപടിയ്ക്ക്**

**അല്ലിമൂപ്പൻ കോളനി നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | റോഡില്ലാത്തതിനാൽ കൊല്ലംകോട് റെയിഞ്ചിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തോട് ചേർന്ന് കിടക്കുന്ന തേക്കടി അല്ലിമൂപ്പൻ കോളനി നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുതലമട പഞ്ചായത്ത് ഓഫീസിൽ പോകുവാൻ പോലും ഇവർക്ക് തമിഴ്നാട് വനം വകുപ്പിന്റെ അനുമതി വാങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സർക്കാർ ഭാഗത്ത് നിന്നും നീതി ലഭിക്കാത്തതിനാൽ കോളനി നിവാസികൾ തന്നെ വനത്തിലൂടെ റോഡ് നിർമ്മിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | തമിഴ് നാട് അതിർത്തിയിലൂടെ 45 കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ നിലവിൽ അല്ലിമൂപ്പൻ കോളനിയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. എന്നാൽ കേരളത്തിനകത്ത് വന പ്രദേശത്തുകൂടെ പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ 20 കിലോമീറ്റർ യാത്ര ചെയ്താൽ കോളനിയിൽ എത്തിച്ചേരാൻ സാധിക്കും. 2020 ഒക്ടോബർ 2-ന് വനം വകുപ്പിന്റെ അനുമതിയില്ലാതെ കോളനിക്കാർ റോഡ് നിർമ്മാണം തുടങ്ങിയിരുന്നു. ജില്ലാ ഭരണകൂടം, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ 2020 ഒക്ടോബർ 12-ന് കോളനിക്കാരുമായി നടന്ന ചർച്ചയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വനപാത നിർമ്മിക്കാമെന്ന ധാരണയിൽ അനധികൃത നിർമ്മാണം നിർത്തി വച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വനപാത നിർമ്മിക്കുന്നതിന് വനം വകുപ്പ് വനാവകാശ നിയമ പ്രകാരം വികസനാവകാശം നൽകുകയും യൂസർ ഏജൻസിയായ മുതലമട ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | അനുമതി ഇല്ലാതെ റോഡ് വെട്ടിയവർക്കെതിരെ വനം വകുപ്പ് കേസ് എടുത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വകുപ്പ് ഇടപെട്ട് ഇവർക്ക് നീതി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വനം വകുപ്പിന്റെ അനുമതി ഇല്ലാതെ റോഡ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് കേസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ